കുഴൽമന്ദം മണ്ഡലത്തിലെ ബി. ജെ. ബി. സ്കൂളിൽ 5-ാം സ്റ്റാന്റേർഡ് ആരംഭിക്കാൻ നടപടി

91 [3617] *ശ്രീ. എ. കെ. ബാലൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽപ്പെട്ട കുഴൽമന്ദം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ബി. ജെ. ബി. സ്കൂൾ അരിയശ്ശേരിയിൽ 5-ാം സ്റ്റാന്റേർഡ് പുനഃസ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2005-2006 അദ്ധ്യയന വർഷം മുതൽ 5-ാം സ്റ്റാന്റേർഡ് ആരംഭിക്കാൻ തയ്യാറാവുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു വിഷയമായതിനാൽ 5-ാം സ്റ്റാന്റേർഡ് പുനഃസ്ഥാപിച്ചു നൽകുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(സി) ബാധകമല്ല.

പാർട്ട്ടൈം, ഫുൾടൈം അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന് കാലതാമസം

92 [3618] *ശ്രീ. പി. കെ. അബ്ദുറബ്ബ്* :
,, *നാലകത്ത് സൂപ്പി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002-2003 അദ്ധ്യയന വർഷം മുതൽ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ പുതിയ തസ്തികകളിൽ എത്ര പാർട്ട്ടൈം, ഫുൾടൈം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly